നം.10/2018/SRG(GI)

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ്
04.12.2018

## കുറിപ്പ്

വിഷയം :- ജനകീയാസൂത്രണം - 2018-19 വാർഷിക പദ്ധതി ഭേദഗതി സംബന്ധിച്ച്

1. ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2018-19-ലെ വാർഷിക പദ്ധതിയിൽ ഭേദഗതി അനിവാര്യമാണെന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.2018-ലെ യോഗം വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നടപ്പ വർഷത്തെ പദ്ധതി താഴെപ്പറയുന്ന നിബന്ധനകളോടെ ഭേദഗതി ചെയ്യാവുന്നതാണ്. ഇതിനുള്ള ക്രമീകരണം 01.12.2018 മുതൽ 15.12.2018 വരെ സുലേഖ സോഫ്റ്റ് വെയറിൽ ഉണ്ട്.

1.1 വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർ അനുമതി നൽകാതിരിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ

1.2 സർക്കാർ നിർദ്ദേശപ്രകാരം എടുക്കേണ്ട പ്രോജക്ടുകൾ (ഉദാ: ശുചീകരണ പ്രോജക്ടുകൾ) ഉൾപ്പെടുത്തുന്നതിന്

1.3 ജില്ലാ ആസൂത്രണസമിതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് എന്നിവ പാലിക്കാതെയുമുള്ള പ്രോജക്ട് ഒഴിവാക്കുന്നതിന്

1.4 കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം ലഭിച്ച തുകയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തൽ, ആശ്രയ പ്രോജക്ടുകൾക്ക് മതിയായ വിഹിതം വകയിരുത്തുന്നതിന്

1.5 2018-19 -ലെ വാർഷികപദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾക്ക് MPLAD, MLASDF കേന്ദ്രാവിഷ്കൃത പദ്ധതി തുടങ്ങിയതടക്കം മറ്റേതെങ്കിലും തലത്തിൽ ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി ഇതിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്

1.6 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.എസ്.പി/റ്റി.എസ്.പി യിലെ പൊതു പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ വന്നാൽ (ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഫീസിബിൾ അല്ലായെന്ന് സാക്ഷ്യപ്പെടുത്തണം) ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് എടുക്കുന്നതിന്

1.7 ടെണ്ടർ നടപടി പൂർത്തിയായ പ്രോജക്ടുകളിൽ ടെണ്ടർ സേവിംഗ്സ് ഉള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതനുസരിച്ച് ടെണ്ടർ സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.

1.8 ധനവകുപ്പിന്റെ 25.07.2018-ലെ 6345/2018/ധന നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അങ്കണവാടി അദ്ധ്യാപകർക്കും സഹായികൾക്കും നൽകേണ്ട 6 മാസത്തെ അധിക തുക സാമൂഹ്യനീതി ഡയറക്ടർക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണം. ഈ തുക കണ്ടെത്തുന്നതിനുള്ള ഭേദഗതിയും ഈ തുകയ്ക്കു വേണ്ട പ്രോജക്ടുകളും തയ്യാറാക്കുന്നതിന്

1.9 സ്വച്ഛ് ഭാരത് അഭിയാൻ പദ്ധതി പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഹിതം ശുചിത്വ മിഷനിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന്

1.10 കാറ്റഗറി 1-ൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ കാറ്റഗറി II ലേയ്ക്ക് മാറ്റേണ്ടി വന്നാൽ ഇത്തരം പ്രോജക്ടുകൾക്ക് തുക കണ്ടെത്തുന്നതിനുള്ള ഭേദഗതി.

1.11 ലൈഫ് പദ്ധതിയിൽ വികസന ഫണ്ടിന്റെ 20 ശതമാനമെങ്കിലും തുക വകയിരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിന് കൂടുതൽ തുക ഈ ഇനത്തിൽ വകയിരുത്തുന്നതിനു താൽപര്യമുണ്ടെങ്കിൽ അനിവാര്യ സ്വഭാവമില്ലാത്ത മറ്റു പ്രോജക്ടുകൾ ഭേദഗതി ചെയ്തോ ഉപേക്ഷിച്ചോ തുക കണ്ടെത്താവുന്നതാണ്.

1.12 വജ്ര ജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരന്മാരുടെ സേവനം സാംസ്കാരിക വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്ക് സാംസ്കാരിക വകുപ്പ് ധനസഹായം നൽകുന്നുണ്ട്. ഇവരെ വ്യന്യസിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാർഗ്ഗരേഖ പ്രകാരം ഇവർക്ക് അധിക ധനസഹായം നൽകുന്നതിനും മറ്റു സൗകര്യങ്ങൾ നൽകുന്നതിനും പ്രോജക്ട് തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇങ്ങനെ പ്രോജക്ട് തയ്യാറാക്കിയിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രോജക്ടുകൾ ഭേദഗതി ചെയ്ത് തുക കണ്ടെത്താവുന്നതാണ്.

1.13 ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നൽകിയ വിഹിതം കൂട്ടിച്ചേർത്ത് ഗ്രാമപഞ്ചായത്തുകളുടെ ലൈഫ് മിഷൻ പ്രോജക്ടുകൾ പരിഷ്കരിക്കൽ

1.14 മുകളിൽ പറഞ്ഞവ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തീർത്തും അനിവാര്യമാണെന്നു തോന്നുന്ന ഭേദഗതികൾ വാർഷിക പദ്ധതിയിൽ വരുത്താവുന്നതാണ്. ഇത് അനിവാര്യമാണോ എന്ന് ജില്ലാ ആസൂത്രണസമിതി പ്രത്യേകമായി പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കണം.

2 ഏതെങ്കിലും പ്രോജക്ടുകൾ ഒഴിവാക്കുകയാണെങ്കിൽ ഇങ്ങനെ ലഭിക്കുന്ന തുക സ്പിൽ ഓവർ പ്രോജക്ടുകൾക്കോ മുകളിൽ ഖണ്ഡിക 1.2 -ൽ പറഞ്ഞിരിക്കുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനോ ഉപയോഗിക്കേണ്ടതാണ്. തുക മിച്ചം ഉണ്ട് എങ്കിൽ മാത്രമേ പുതിയ പ്രോജക്ടുകൾക്ക് ഉപയോഗിക്കാവൂ. വാർഷിക പദ്ധതി

ഭേദഗതി ചെയ്യുമ്പോൾ 23.08.2018-ലെ 2313/18/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള മേഖലാ വിഭജനമടക്കമുള്ള നിബന്ധനകൾ പാലിച്ചിരിക്കണം.

3. വാർഷിക പദ്ധതിയിൽ മുകളിൽ പറഞ്ഞ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തി വെറ്റിംഗും സാങ്കേതികാനുമതിയും വാങ്ങി 15.12.2018-നകം ജില്ലാ ആസൂത്രണസമിതിക്ക് അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. ജില്ലാ ആസൂത്രണസമിതി അംഗീകാരം ഇല്ലാതെ ഭേദഗതി പ്രോജക്ടുകളുടെ ബില്ലുകൾ മാറാൻ കഴിയില്ല എന്നതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

(ഒപ്പ്)
അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്